**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4706** **10-08-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയത് വഴി പഞ്ചായത്തിലെ ക്ഷീരസംഘത്തിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 1800 ലിറ്ററിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും അവർക്ക് പദ്ധതി മുഖേന ലഭിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയിൽ ആകെ 89 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരുന്നു. I. 2 പശു യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 10 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 69,000/- രൂപ II. കോമ്പോസ്റ്റ് (1 പശു +1 കിടാരി) യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 10 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 53,000/- രൂപ III. 5 പശു യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 4 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 1,84,000/- രൂപ IV. കോമ്പോസ്റ്റ് (3 പശു +2 കിടാരി) യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 3 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 1,50,000/- രൂപ V. കറവയന്ത്രം സ്ഥാപിച്ചതിന് ഒരാൾക്ക് 25,000/- രൂപ ധനസഹായം നൽകി. VI. ആവശ്യാധിഷ്ഠിത പദ്ധതിയിലുൾപ്പെടുത്തി കാലിത്തൊഴുത്ത് നവീകരിച്ചതിന് 38 ഗുണഭോക്താക്കൾക്ക് ആകെ 9,00,000/- രൂപ ധനസഹായമായി നൽകി. VII. 2 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം കാലിത്തൊഴുത്ത് നിർമ്മാണത്തിനായി ധനസഹായം നൽകി. VIII. അന്തരീക്ഷ മർദ്ദം ലഘൂകരിക്കുന്നതിന് 1 ഗുണഭോക്താവിന് 25,000/- രൂപ ധനസഹായം നൽകി. IX. 154 കിലോഗ്രാം മിനറൽ മിക്സ്ചർ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിന് 15,400/- രൂപ ധനസഹായം നൽകി. |

| | | | |
|---|---|---|---|
| | | | X. പദ്ധതി പ്രകാരം 50 ലക്ഷം രൂപയുടെ ധനസഹായം വള്ളികുന്നം പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 115 പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടുവന്നിട്ടുള്ളതും വള്ളികുന്നം പഞ്ചയാത്തിലെ 5 ക്ഷീരസംഘങ്ങളിലായി 1800 ലിറ്റർ പ്രതിദിന പാൽ സംഭരണ വർദ്ധനവ് ഉണ്ടായിട്ടുള്ളതുമാണ്. ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിലുൾപ്പെടുത്തി 38 കർഷകരുടെ കാലിത്തൊഴുത്ത് നവീകരിച്ചത് പശുക്കളുടെ ആരോഗ്യസംരക്ഷണത്തിനും പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ